പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2982**

10.03.2017-ൽ മറുപടിക്ക്

# പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്. | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഈ സർക്കാർ പുതിയതായി നടപ്പിലാക്കിയ സംവിധാനം വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാനവൽ അനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ ഉന്നത മെച്ചപ്പെടുത്തി അഴിമതിരഹിതവും സുതാര്യവും ഉറപ്പുവരുത്തുന്നതിനുവേണ്ടി സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളിലേയ്ക്കും, ജില്ലാ ലാബുകളിലേയ്ക്കും ആധുനിക ഗുണനിലവാര പരിശോധന യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| (ബി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ വ്യാപിപ്പിക്കുന്ന പദ്ധതി പുതിയതായി ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കി; | (ബി) പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപയ്ക്കു മേൽ വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിംഗ് സംവിധാനം മുഖേനെയാണ് നടപ്പിലാക്കുന്നത്. |

[redacted] [redacted] [redacted]



(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ വിശദമായി ജനങ്ങൾക്ക് അറിയുവാൻ കഴിയുംവിധം ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനത്തിലൂടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടേയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പുകളുടെ തയ്യാറാക്കലും അതിന്റെ പുതുക്കലും ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ കെ.എസ്.റ്റി.പി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. കെ.എസ്.റ്റി.പി-യുടെ രണ്ടാംഘട്ട പദ്ധതിയിൽ ജി.ഐ.എസ്. സോഫ്റ്റ് വെയറിന്റെയും സിസ്റ്റത്തിന്റെയും നിലവാരമുയർത്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും അതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള വ്യത്യാസങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ?

(ഡി) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിർബന്ധമാക്കി പൊതുമരാമത്ത് മാനുവൽ അനുസരിച്ച് നടപ്പിലാക്കി വരികയും പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്കായുള്ള പേയ്മെന്റ് നൽകുന്നത്. ഇതു മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതു വഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ